**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3032** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഫയൽ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഭരണ വേഗത വർദ്ധിപ്പിക്കുവാനും പൊതുജനങ്ങളുടെ ക്ഷേമപദ്ധതികൾ വേഗത്തിലാക്കുന്നതിനുമായി കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലെയും ഫയലുകൾ ഇ-ഫയലിംഗ് സംവിധാനത്തിലേക്ക് മാറ്റുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ഭരണ വേഗത വർദ്ധിപ്പിക്കുവാനും പൊതുജനങ്ങളുടെ ക്ഷേമപദ്ധതികൾ വേഗത്തിലാക്കുന്നതിനുമായി വകുപ്പ തലവൻമാരുടെ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, താലൂക്കുതല ഓഫീസുകൾ, മറ്റ് താഴെത്തട്ടിലുള്ള ഓഫീസുകൾ എന്നീ ക്രമത്തിൽ ഘട്ടം ഘട്ടമായി ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർക്കാർ സേവനങ്ങൾ സുഗമമായി ജനങ്ങളിലെത്തിക്കുന്നതിനായി സിംഗിൾ വിൻഡോയിലൂടെ സർക്കാർ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിവരം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ സർക്കാർ സേവനങ്ങൾ സുഗമമായി ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിവിധ വകുപ്പുകൾ നൽകി വരുന്ന നിരവധി സേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ പോർട്ടൽ മുഖേനയും ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ മുഖേനയും നൽകുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ